## തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

ഹാജർ : ബി.ആർ.യമുന

*വിഷയം:* വനംവകുപ്പ് - ജീവനക്കാര്യം - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

*സൂചന:* 1 ഭരണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 04.07.2011-ലെ ഇ.2-6013/2011 നമ്പർ ഉത്തരവ്

2 ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 31.10.2012-ലെ ഡി.3-14090/2012 നമ്പർ ഉത്തരവ്

**********

### ഉത്തരവ് നമ്പർ E2-8198/2012 തീയതി 16.11.2012

സോഷ്യൽ ഫോറസ്ട്രി വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ പേഴ്സണൽ അസിസ്റ്റന്റ് ശ്രീമതി.ശോഭന മാധവൻ 31.10.2012-ന് സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് ശ്രീമതി.ശൈലജകുമാരി.സി, സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന് സൂചന (2) ഉത്തരവ് പ്രകാരം പേഴ്സണൽ അസിസ്റ്റന്റായി സ്ഥാനക്കയറ്റം നല്കി ഉത്തരവായിരുന്നു. ആയതിനെ തുടർന്ന് സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 01.11.2012 പ്രാബല്യത്തിൽ ഉണ്ടായ ഒഴിവിൽ സൂചന (1) ഉത്തരവ് പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാരുടെ താല്കാലിക സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ-12 ശ്രീമതി.ശോഭന.വി.ആർ, സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനെ 01.11.2012 പ്രാബല്യത്തിൽ 19240-34500 രൂപാ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി റേഷ്യോ പ്രോമോഷൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

ശ്രീമതി.ശോഭന.വി.ആർ-ന് സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി സ്ഥാനക്കയറ്റം ലഭിച്ചതുകൊണ്ടുണ്ടായ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ ഒഴിവിലേയ്ക്ക് ടി താൽക്കാലിക സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ-22 ശ്രീ.സുരേഷ്.വി.ജെ, I[st] ഗ്രേഡ് കോൺഫിഡൻഷ്യൽ

അസിസ്റ്റന്റിനെ 01.11.2012 പ്രാബല്യത്തിൽ 16180-29180 രൂപ ശമ്പള സ്കെയിലിൽ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി റേഷ്യോ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

ശ്രീ.സുരേഷ്.വി.ജെ-യ്ക്ക് സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി സ്ഥാനക്കയറ്റം നല്കിയതുമൂലം I st ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലുണ്ടായ ഒഴിവിൽ ടി സീനിയോരിറ്റി ലിസ്റ്റിൽ ഗ്രേഡ് IInd കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീമതി.ലിസി.കെ.എച്ച് (ക്രമ നമ്പർ-33)-നെ 13900-24040 രൂപ ശമ്പള സ്കെയിലിൽ ഗ്രേഡ്-I കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി 01.11.2012 പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നല്കികൊണ്ട് ഉത്തരവാകുന്നു.

Yamuna BR

ബി.ആർ.യമുന
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

<u>പകർപ്പ്:</u>

1. വ്യക്തികൾക്ക് മേലധികാരികൾ മുഖേന.
2. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) എറണാകുളത്തിന്.
3. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ & ലെയ്സൺ ഓഫീസർ, എറണാകുളത്തിന്.
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ റീജിയൺ) കോഴിക്കോടിന്.
5. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്.
6. ഫോറസ്റ്റ് വെബ്സൈറ്റിലേയ്ക്ക്.
7. സ്റ്റോക്ക്/ സ്പെയർ.